**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

2026 ജൂൺ 24, ബുധൻ

## നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി**

**വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി**

**ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി**

**മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി**

**<u>മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് കർമ്മപദ്ധതി</u>**

***61 ശ്രീമതി ഉഷ വിജയൻ**
**ശ്രീ. കെ. പ്രവീൺ കുമാർ**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**(ബി)** വന്യജീവികൾ ജനവാസ മേഖലയിലേക്ക് കടന്നുവരുന്നതിന്റെ കാരണം ശാസ്ത്രീയമായി പഠനവിധേയമാക്കി പരിഹാരമാർഗ്ഗങ്ങൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**(സി)** ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വന്യജീവി സാന്നിധ്യം സംബന്ധിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പുകൾ

നൽകുന്നതിലൂടെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം നൽകുമോ?

## <u>ഗോത്രബന്ധു പദ്ധതി</u>

***62** **ശ്രീ. കെ. വി. സുമേഷ്**
**ശ്രീ. വി. കെ. സനോജ്**
**ശ്രീ. എ. പ്രഭാകരൻ**
**പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി മുൻ സർക്കാർ ആവിഷ്കരിച്ച ഗോത്രബന്ധു പദ്ധതി ഈ അധ്യയനവർഷം മുതൽ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

**(ബി)** സംസ്ഥാനത്ത് എത്ര മെന്റർ അധ്യാപകരെയാണ് ഈ പദ്ധതിയ്ക്കായി നിയമിച്ചിട്ടുള്ളത്; പ്രസ്തുത അധ്യാപകർ ഇപ്പോഴും തുടരുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

**(സി)** ഗോത്രബന്ധു പദ്ധതിയിലൂടെ സ്കൂളുകളിൽ നിന്നുള്ള ഗോത്രവിഭാഗം വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(ഡി)** ഈ പദ്ധതി തുടരുന്നില്ലെങ്കിൽ തൊഴിൽ നഷ്ടപ്പെട്ട മെന്റർ അധ്യാപകരുടെ പുനരധിവാസത്തിനും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി</u>

***63** **ശ്രീ. പി. എ. മുഹമ്മദ് റിയാസ്**
**ശ്രീ. സി. കെ. ഹരീന്ദ്രൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് ജലജന്യരോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവ പ്രതിരോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ജലവിഭവ വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

**(ബി)** കുടിവെള്ളം ശുദ്ധമാണെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം തരത്തിലുള്ള പരിശോധനകൾ നിലവിൽ നടത്തിവരുന്നുണ്ടെന്ന് വിശദമാക്കാമോ;

**(സി)** കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാനായി മുൻ സർക്കാർ സ്ഥാപിച്ച സ്റ്റേറ്റ്, ജില്ലാ, ഉപജില്ലാ ലാബുകളുടെ വിശദാംശങ്ങളും പ്രയോജനങ്ങളും അറിയിക്കാമോ;

**(ഡി)** കേരള വാട്ടർ അതോറിറ്റിയുടെ അംഗീകൃത ലാബുകളിൽ ഓൺലൈനായി പണമടച്ച് വെള്ളം പരിശോധിക്കാനും ഫലം ലഭ്യമാക്കാനും കഴിഞ്ഞ സർക്കാർ ഏർപ്പെടുത്തിയ സംവിധാനം നിലവിൽ എത്രത്തോളം ഫലപ്രദമാണ്; വിശദമാക്കാമോ?

**<u>പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹനങ്ങൾ</u>**

***64 ശ്രീ. എ. കെ. എം. അഷ്റഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പഠനത്തിലും കലാപ്രവർത്തനങ്ങളിലും മികവ് തെളിയിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് എന്തെല്ലാം പ്രോത്സാഹനമാണ് നൽകി വരുന്നത്; വിശദമാക്കാമോ;

**(ബി)** എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്വർണ്ണമെഡൽ പദ്ധതി നിലച്ചതായുള്ള ആക്ഷേപം പരിശോധിക്കുമോ;

**(സി)** സ്കൂൾ കലോത്സവങ്ങളിൽ എ ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന പതിനായിരം രൂപയുടെ പ്രോത്സാഹന സമ്മാന വിതരണത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**(ഡി)** മെഡലുകളും സമ്മാനത്തുകയും കുടിശ്ശിക സഹിതം എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**<u>ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കാൻ നടപടി</u>**

***65 ശ്രീ. പാറക്കൽ അബ്ദുല്ല**
**ശ്രീ. കല്ലട്ര മാഹിൻ**
**ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

**(ബി)** ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായി കുടിവെള്ളം നൽകാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

**(സി)** റോഡ് വെട്ടിപ്പൊളിച്ച് പൈപ്പിടുന്നതു മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**<u>ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട് തകർന്ന റോഡുകളുടെ പുനരുദ്ധാരണം</u>**

***66 ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. സേനാപതി വേണു**
**ശ്രീ. സി. വി. ശാന്തകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മുൻ സർക്കാരിന്റെ കാലത്ത് ജൽ ജീവൻ മിഷൻ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും റോഡുകൾ വെട്ടിപ്പൊളിച്ചതുമൂലം ജനങ്ങൾ നേരിടുന്ന യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**(ബി)** പൈപ്പിട്ട ശേഷം റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ മുൻ സർക്കാരിന്റെ കാലത്ത് വാട്ടർ അതോറിറ്റി മറ്റ് വകുപ്പുകൾക്ക് കൃത്യമായി ഫണ്ട് കൈമാറിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

**(സി)** റോഡുകൾ പൂർവ്വസ്ഥിതിയിലാക്കി യാത്രാക്ലേശം ഒഴിവാക്കാൻ പൊതുമരാമത്ത് വകുപ്പുമായി ഫലപ്രദമായ ഏകോപനത്തിലൂടെ നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ?

**<u>മത്സ്യബന്ധന മേഖലയുടെ സുസ്ഥിര വികസനത്തിനായി പദ്ധതി</u>**

***67 ശ്രീ. സേനാപതി വേണു**
**ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്**
**ശ്രീ. സി. വി. ശാന്തകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മിഷൻ സമുദ്രയുടെ കീഴിൽ മത്സ്യബന്ധന തൊഴിലാളികൾക്ക് സഹായകരമായിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ആയതിൽ മത്സ്യബന്ധന യാനങ്ങളുടെ നവീകരണത്തിന് സാമ്പത്തിക പിന്തുണ ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കാമോ;

**(ബി)** സമുദ്ര സമ്പദ് വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**(സി)** ഉൾനാടൻ മത്സ്യബന്ധനം ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

**<u>മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ</u>**

***68 ശ്രീ. കാരായി രാജൻ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികളും തന്മൂലം കൈവരിച്ച നേട്ടങ്ങളും വ്യക്തമാക്കാമോ;

**(ബി)** മത്സ്യത്തൊഴിലാളികൾക്ക് ന്യായവില ഉറപ്പാക്കുന്നതിനും മത്സ്യവിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനുമായി മുൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

**(സി)** പ്രസ്തുത തൊഴിലാളികളുടെ ഉപജീവനവും സ്വയംതൊഴിലും പ്രോത്സാഹിപ്പിക്കുന്നതിനായി മുൻ സർക്കാർ ആരംഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

**(ഡി)** മത്സ്യമേഖലയിൽ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ പരിശീലന, സംരംഭകത്വ പദ്ധതികളുടെ വിശദാംശം നൽകാമോ?

## <u>സമഗ്ര വനം-വന്യജീവി നയം</u>

***69 ശ്രീ. സുധീർഷാ പാലോട്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിന് സമഗ്ര വനം-വന്യജീവി നയം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

**(ബി)** സംസ്ഥാനത്തെ വനമേഖലയിലെ വന്യജീവികളുടെ വർദ്ധനവിന്റെ കണക്കെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

**(സി)** വന്യജീവി ആക്രമണം നേരിടുന്ന പ്രദേശങ്ങളിലുള്ളവർക്കും മലയോരമേഖലയിലെ കർഷകർക്കും പ്രത്യേക ഇൻഷുറൻസ് പദ്ധതി നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>വനനിയമം കർഷകരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള നടപടികൾ</u>

***70 ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. രമേഷ് പിഷാരടി**
**ശ്രീ. സുമേഷ് അച്യുതൻ**
**ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

**(എ)** പഴയ റിസർവ് വന വിജ്ഞാപനങ്ങൾ പ്രതികൂലമായി ബാധിക്കപ്പെട്ട കർഷകരുടെ ഭൂമിയിന്മേലുള്ള അവകാശം സംരക്ഷിച്ചുകൊണ്ട് വനഭൂമിയും കൃഷിഭൂമിയും തമ്മിൽ അതിർത്തി നിർണയിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ;

**(ബി)** വനസമ്പത്ത് സംരക്ഷിച്ചുകൊണ്ട് വനസമ്പത്തിനെ ആശ്രയിച്ചുകഴിയുന്ന ഗോത്രവിഭാഗങ്ങൾക്ക് സുസ്ഥിരമായ വരുമാനമാർഗ്ഗങ്ങൾ ലഭ്യമാക്കുന്നതിന് വനവിഭവശേഖരണത്തിനും വിപണനത്തിനുമുള്ള സാധ്യതകൾ വിപുലീകരിക്കുമോ;

**(സി)** വന്യജീവികളുടെ ആക്രമണം മൂലം ദുരിതമനുഭവിക്കുന്ന വനമേഖലയിലെ കർഷകർക്ക് പലിശരഹിത വായ്പകളും വിളകൾക്ക് ഇൻഷുറൻസ് പരിരക്ഷയും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**(ഡി)** വന്യജീവി ആക്രമണത്തിൽ നിന്നും വിളകളെ സംരക്ഷിക്കാൻ വിളകളിലും കൃഷിരീതികളിലും ബദൽ മാർഗ്ഗങ്ങളുടെ സാധ്യതകൾ കൃഷിവകുപ്പുമായി ചേർന്ന് പരിശോധിക്കുമോ?

## വന്യജീവി സംഘർഷം ലഘൂകരിക്കാൻ നടപടി

***71** **ശ്രീ. വിഷ്ണു മോഹൻ**

**ശ്രീ. ഉല്ലാസ് കോവൂർ**

**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി വനാതിർത്തികളിൽ ആധുനികവും ശാസ്ത്രീയവുമായ സ്ഥിരസംവിധാനങ്ങൾ ഏർപ്പെടുത്താൻ എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

**(ബി)** വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന ത്രീ ടയർ സ്ട്രാറ്റജി (കണ്ടൈൻമെന്റ്, മിറ്റിഗേഷൻ, കോംബൻസേഷൻ)യുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

**(സി)** വന്യജീവികളുടെ സാന്നിധ്യം മുൻകൂട്ടി അറിയുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സെൻസർ അധിഷ്ഠിത മുന്നറിയിപ്പ് സംവിധാനങ്ങൾ, ഡ്രോൺ സ്ക്വാഡുകൾ എന്നിവ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(ഡി)** വനാതിർത്തികളിൽ ദ്രുതകർമസേനയുടെ പ്രവർത്തനം ശക്തമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും പുരോഗതിക്കും നടപടികൾ</u>**

***72 ശ്രീമതി കെ. കെ. രമ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ടി .ഒ. മോഹനൻ**
**ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ക്ഷേമത്തിനും പുരോഗതിക്കുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

**(ബി)** തീരദേശ സംരക്ഷണം, ദുർബലമായ തീരദേശ സമൂഹങ്ങളുടെ പുനരധിവാസം, തീരദേശ മേഖലയിലെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ വികസനം തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന്റെ നയസമീപനം എന്താണെന്ന് വ്യക്തമാക്കുമോ;

**(സി)** മത്സ്യത്തൊഴിലാളി സമൂഹത്തിന് ഗുണകരമാകുന്ന രീതിയിൽ ഈ മേഖലയിലെ നിക്ഷേപതാൽപര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>ഗോത്ര വിഭാഗം മെന്റർ അധ്യാപകരുടെ സേവനം നിലനിർത്താൻ നടപടി</u>**

***73 ശ്രീ. പി. പി. സുമോദ്**
**ശ്രീ. കെ. എൻ. ബാലഗോപാൽ**
**ശ്രീ. ജി. സ്റ്റീഫൻ**
**ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

**(എ)** സംസ്ഥാനത്ത് ഗോത്ര മേഖലയിലെ വിദ്യാർത്ഥികളുടെ സ്കൂൾ പ്രവേശനം ഉറപ്പാക്കുക, പഠനത്തിൽ അവർക്ക് പിന്തുണ നൽകുക, ഗോത്രവിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് തൊഴിൽ നൽകുക തുടങ്ങിയ ലക്ഷ്യങ്ങളുമായി കഴിഞ്ഞ സർക്കാർ നിയമിച്ച ഗോത്ര വിഭാഗം മെന്റർ അധ്യാപകരെ പിരിച്ചുവിടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(ബി)** ഗോത്രവിഭാഗം മെന്റർ അധ്യാപകരെ പിരിച്ചു വിടുന്നതുവഴി ആദിവാസി മേഖലയിലെ വിദ്യാഭ്യാസ രംഗത്തും കുട്ടികളുടെ സാമൂഹിക ജീവിതത്തിലും ഉണ്ടാകാനിടയുള്ള ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉൾക്കൊണ്ട് പ്രസ്തുത അധ്യാപകരെ പിരിച്ചുവിടാനുള്ള തീരുമാനം പിൻവലിക്കാമോ; വ്യക്തമാക്കാമോ?

## <u>ഗോത്രഭൂമിയുടെ ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിന് നടപടി</u>

***74** **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. വി. ടി. സൂരജ്**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഗോത്ര സമൂഹങ്ങൾക്ക് ഭൂമിയിന്മേലുള്ള അവകാശം ഉറപ്പാക്കുന്നതിനായി വനാവകാശ നിയമം പൂർണ്ണമായി നടപ്പാക്കാൻ തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ;

**(ബി)** ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന വ്യക്തിഗത വനാവകാശ വാദങ്ങളും സാമൂഹിക വനാവകാശവാദങ്ങളും തീർപ്പാക്കിക്കൊണ്ട് ഗോത്രഭൂമിയുടെ ഉടമസ്ഥാവകാശം അർഹതപ്പെട്ടവർക്ക് നൽകുന്നതിന് പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ;

**(സി)** ഗോത്രവർഗ ഭൂമിയുടെ തുടർകൈമാറ്റവും ഗോത്രവർഗ്ഗ ഭൂമിയിലെ കയ്യേറ്റങ്ങളും തടയുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>ആശ്വാസകിരണം പദ്ധതി</u>

***75** **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ആശ്വാസകിരണം പദ്ധതിയുടെ ധനസഹായ തുക വർഷങ്ങളായി കുടിശ്ശികയായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(ബി)** എങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

**(സി)** കുടിശ്ശിക പൂർണ്ണമായും കൊടുത്ത് തീർക്കുന്നതിനായി സത്വര നടപടി സ്വീകരിക്കുമോ;

**(ഡി)** ആശ്വാസ കിരണം പദ്ധതിയുടെ ധനസഹായ തുക ആയിരം രൂപയായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>കേരളാ മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട്, 1980</u>

***76** **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. കെ. പി. നൗഷാദ് അലി**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. എ. ഡി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** 1980-ലെ കേരളാ മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ടിൽ, 2018-ൽ വരുത്തിയ ഭേദഗതിയുടെ ഭാഗമായി നിശ്ചിത യന്ത്രശേഷിയുള്ള മത്സ്യബന്ധന യാനങ്ങൾക്ക് തീരത്തുനിന്ന് പന്ത്രണ്ട് നോട്ടിക്കൽ മൈൽ പരിധിക്കുള്ളിൽ മത്സ്യബന്ധനം നടത്തുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

**(ബി)** ഇത്തരത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയത് മത്സ്യത്തൊഴിലാളികൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം ഗൗരവമായി പരിശോധിക്കുമോ;

**(സി)** പ്രസ്തുത ഭേദഗതി പുന:പരിശോധിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## പട്ടികവർഗ്ഗ ഉന്നതികളിൽ അടിസ്ഥാന സൗകര്യ വികസനം

***77 ശ്രീ. നാട്ടകം സുരേഷ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സിറിയക് തോമസ്**
**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ പട്ടികവർഗ്ഗ ഉന്നതികളിൽ ഗതാഗത സൗകര്യവും ചികിത്സാ സൗകര്യങ്ങളും ലഭ്യമാകാത്തതുമൂലമുള്ള പ്രതിസന്ധി ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

**(ബി)** റോഡ് ഇല്ലാത്തതുമൂലം അടിയന്തര ഘട്ടങ്ങളിൽ രോഗികളെയും ഗർഭിണികളെയും ആശുപത്രിയിലെത്തിക്കാൻ സാധിക്കാതെ മരണപ്പെടുന്ന സംഭവങ്ങൾ മുൻകാലങ്ങളിൽ ആവർത്തിക്കപ്പെട്ടതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പട്ടികവർഗ്ഗ ഉന്നതികളിൽ റോഡ് സൗകര്യവും ചികിത്സാ സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് ഒരു പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോ; വിശദമാക്കാമോ?

## ജൽ ജീവൻ മിഷൻ പദ്ധതി

***78 ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്ന പദ്ധതി നിർവഹണത്തിൽ അതിയായ കാലതാമസം നേരിട്ടതിനാലുണ്ടായ പ്രതിസന്ധി ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നല്കുമോ;

**(ബി)** പദ്ധതി നിർവഹണത്തിൽ കാലതാമസം നേരിട്ടതിനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; ഈ പദ്ധതിക്കായി മുൻ സർക്കാർ കാലയളവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ;

**(സി)** ജൽ ജീവൻ മിഷൻ പദ്ധതിയുടെ നിർവ്വഹണം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടി സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ?

**<u>മത്സ്യമേഖലയുടെ വികസനം</u>**

***79** **ശ്രീ. സി. വി. ശാന്തകുമാർ**
**ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. സേനാപതി വേണു**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനുമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലാണ് വികസനപദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**(ബി)** മത്സ്യത്തൊഴിലാളികൾക്ക് ട്രോളിംഗ് നിരോധന കാലയളവിൽ എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

**<u>ട്രോളിംഗ് നിരോധനം</u>**

***80** **ശ്രീ. മുഹമ്മദ് മുഹസിൻ**
**ശ്രീ. പി. പ്രസാദ്**
**ശ്രീ. ജി. ആർ. അനിൽ**
**ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് ട്രോളിങ് നിരോധനകാലത്ത് വറുതിയിലാകുന്ന മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

**(ബി)** ട്രോളിംഗ് നിരോധന കാലത്ത് കടലിൽ പോകുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുരക്ഷക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

**(സി)** ട്രോളിംഗ് നിരോധന കാലത്ത് ആധുനിക സൗകര്യങ്ങളുള്ള വിദേശ ട്രോളറുകൾ കേരളതീരത്ത് മത്സ്യബന്ധനം നടത്തുന്നത് നിയന്ത്രിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

**(ഡി)** മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നെടുത്തിട്ടുള്ള വായ്പകളിന്മേൽ ട്രോളിംഗ് നിരോധന കാലത്ത് മൊറട്ടോറിയം ഉൾപ്പെടെയുള്ള സാമ്പത്തികാശ്വാസം അനുവദിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**(ഇ)** ട്രോളിംഗ് നിരോധന കാലത്തും മത്സ്യം സുലഭമായി പ്രാദേശിക വിപണികളിൽ ലഭ്യമാക്കുന്നതിന് വേണ്ടി ഉൾനാടൻ ശുദ്ധജല മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് വേണ്ടി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

## <u>കുടിവെള്ള പദ്ധതികൾ</u>

***81** **ശ്രീ. എം. വിജിൻ**
**ശ്രീ. കെ. യു. ജനീഷ് കുമാർ**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**(ബി)** ജൽ ജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ പുരോഗതി ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

**(സി)** മുൻ സർക്കാരിന്റെ കാലയളവിൽ പദ്ധതിക്ക് കേന്ദ്ര വിഹിതമായി ലഭ്യമായ തുകയുടെ വിശദാംശങ്ങൾ വിവരിക്കുമോ;

**(ഡി)** മുൻ സർക്കാരിന്റെ കാലയളവിൽ സംസ്ഥാന വിഹിതമായി എത്ര തുക അനുവദിക്കപ്പെട്ടിട്ടുണ്ട്; പദ്ധതിക്കായി വായ്പ എടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

**(ഇ)** പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

വിശദമാക്കാമോ?

## <u>പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനുള്ള ഭവനനിർമ്മാണ പദ്ധതി</u>

***82** **ശ്രീ. നീലകണ്ഠൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സന്ദീപ് വാര്യർ**
**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ ഭവനരഹിതരെയും ഭൂരഹിതരെയും കണ്ടെത്തി അവർക്ക് ഭവനം ലഭ്യമാക്കുന്നതിനായി ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുമോയെന്നും എങ്കിൽ ആയതിന്റെ നടപടിക്രമങ്ങളെക്കുറിച്ചും വിശദമാക്കാമോ;

**(ബി)** പട്ടികജാതി നഗറുകളിലും ഉന്നതികളിലും അടിസ്ഥാനസൗകര്യ വികസനം ഉറപ്പാക്കുമോ; വ്യക്തമാക്കാമോ;

**(സി)** ലൈഫ് മിഷന്റെ കീഴിലുള്ള ഭവനനിർമ്മാണ പദ്ധതിയിൽ പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് മതിയായ പരിഗണന ലഭിക്കുന്നില്ലെന്നുള്ള ആക്ഷേപം ഗൗരവമായി പരിശോധിക്കുമോ; ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>വന്യജീവി ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്കുള്ള സഹായം</u>

***83** **ശ്രീ. കല്ലട മാഹിൻ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പാറക്കൽ അബ്ദുല്ല**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെയും പരിക്ക് ഏൽക്കുന്നവരുടെയും കുടുംബങ്ങൾക്ക് നിലവിൽ നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**(ബി)** പ്രസ്തുത ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്ക് ജോലി നൽകാനും കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് ഏറ്റെടുക്കാനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

**(സി)** വന്യജീവി ആക്രമണത്തിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെ പൂർണ്ണ ചെലവും ഏറ്റെടുക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ;

**(ഡി)** വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് നിലവിൽ നൽകി വരുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

**<u>ട്രോളിംഗ് നിരോധനം</u>**

***84 ശ്രീ. ദീപക് ജോയ്**
**ശ്രീമതി രമ്യ ഹരിദാസ്**
**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ട്രോളിംഗ് നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**(ബി)** ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**(സി)** ട്രോളിംഗ് നിരോധന കാലയളവിൽ ഇതര ഉപജീവനമാർഗ്ഗങ്ങൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>ഗോത്രസാരഥി പദ്ധതി</u>**

***85 ശ്രീ. സി. കെ. കാസിം**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീമതി ഫാത്തിമ തഹിലിയ**
**ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

**(എ)** വിദൂരവും ദുർഘടവുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്നും വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിനായുള്ള ഗോത്രസാരഥി പദ്ധതി കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് പരിശോധിക്കുമോ;

**(ബി)** ഗുണഭോക്താക്കളായ എല്ലാ കുട്ടികളും വിദ്യാലയങ്ങളിലേക്ക് തിരികെ എത്തിയോ എന്ന് ഉറപ്പാക്കാറുണ്ടോ;

**(സി)** ഇവരുടെ യാത്രയ്ക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>പാരിസ്ഥിതിക സംവേദ മേഖല</u>**

***86 ശ്രീ. ടി. എം. ശശി**
**ശ്രീ. കെ. എൻ. ബാലഗോപാൽ**
**ശ്രീ. കെ. യു. ജനീഷ് കുമാർ**
**ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റുമുള്ള പാരിസ്ഥിതിക സംവേദ മേഖല നിശ്ചയിക്കുമ്പോൾ ജനവാസ മേഖലകളെയും സ്ഥാപനങ്ങളെയും ഒഴിവാക്കാൻ മുൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നിയമപരമായ നടപടികൾ എന്തെല്ലാമായിരുന്നു എന്ന് വിശദമാക്കാമോ;

**(ബി)** ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കാനായി മുൻ സർക്കാർ സ്വീകരിച്ച ഇത്തരം ഇടപെടലുകളുടെ ഫലമായി ബഹു. സുപ്രീം കോടതിയിൽ നിന്നും സംസ്ഥാനത്തിന് അനുകൂല വിധി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അനുകൂല വിധിയുടെ പശ്ചാത്തലത്തിൽ ഒഴിവാക്കപ്പെട്ട സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**(സി)** സംസ്ഥാനത്തെ വനാതിർത്തികളിൽ ഇരുപത് വർഷത്തിലധികമായി നിലനിന്നിരുന്ന പാരിസ്ഥിതിക സംവേദ മേഖല എന്ന ഭീഷണി ഏതൊക്കെ പ്രദേശങ്ങളിലെ ജനങ്ങളെയാണ് ബാധിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ?

**തീരദേശമേഖലയുടെ സംരക്ഷണത്തിന് നടപടി**

***87 ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. സുധീർഷാ പാലോട്**
**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ട്രോളിങ് നിരോധനകാലയളവിലും മറ്റ് തൊഴിൽ -സാമ്പത്തിക പ്രതിസന്ധികൾ നേരിടുമ്പോഴും മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ;

**(ബി)** തീരദേശസംരക്ഷണത്തിനും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് സംസ്ഥാന സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത് എന്ന് വിശദീകരിക്കാമോ;

**(സി)** തീരദേശ മേഖലയിലെ ജനങ്ങളുടെ നൈപുണ്യവികസനത്തിനും ടൂറിസം അടക്കമുള്ള മേഖലകളിൽ തൊഴിലവസരങ്ങൾ കണ്ടെത്താനും സഹായകരമായ എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ഭവനനിർമ്മാണ ബോർഡിനെ പുനഃസംഘടിപ്പിക്കുന്നതിനായി പ്രത്യേക പാക്കേജ്**

***88 ശ്രീ. എം. ആർ. ബൈജു**
**ശ്രീ. എൻ. ശക്തൻ**
**ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ഈ സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

**(ബി)** ബോർഡിന്റെ പക്കലുള്ള ഭൂമിയും കെട്ടിടങ്ങളും വാണിജ്യാടിസ്ഥാനത്തിൽ വിനിയോഗിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ;

**(സി)** സർക്കാരിന്റെ ഭവന നിർമ്മാണ പദ്ധതികളിൽ കൂടുതൽ പങ്കാളിത്തം നൽകി ഭവനനിർമ്മാണ ബോർഡിനെ പുനഃസംഘടിപ്പിക്കുന്നതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കുമോ; വ്യക്തമാക്കുമോ?

**ശ്രുതിതരംഗം പദ്ധതി**

***89** **ശ്രീ. എഫ്. രാജ**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. റോയി. കെ. പൗലോസ്**
**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** 'ശ്രുതിതരംഗം' പദ്ധതി നിലവിൽ കാര്യക്ഷമമായി നടപ്പാക്കപ്പെടുന്നില്ലെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

**(ബി)** മുൻപ് ശസ്ത്രക്രിയയ്ക്ക് വിധേയരായ കുട്ടികളുടെ സ്പീച്ച് പ്രൊസസ്സറുകളുടെ അറ്റകുറ്റപ്പണികൾക്കും അപ്ഗ്രഡേഷനും വേണ്ടി മാതാപിതാക്കൾ വലിയ തുക കണ്ടെത്തേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

**(സി)** പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എംപാനൽ ചെയ്ത ആശുപത്രികൾക്ക് ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നൽകാനുള്ള കുടിശ്ശിക തുക എത്രയായിരുന്നു എന്നത് വ്യക്തമാക്കാമോ;

**(ഡി)** 'ശ്രുതിതരംഗം' പദ്ധതി പുനരുജ്ജീവിപ്പിച്ച് കാര്യക്ഷമമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി**

***90** **ശ്രീ. പി. കെ. ഫിറോസ്**
**ശ്രീ. ഫൈസൽ ബാബു**
**ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസം നേടിയവരുടെ ഇടയിൽ തൊഴിൽരഹിതരായവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

**(ബി)** ഇവർക്ക് സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിൽ നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(സി)** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ജൂൺ 15, തിങ്കൾ

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].